"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - 5 ലക്ഷം വീടുകളുടെ നിർമ്മാണ പൂർത്തീകരണ പ്രഖ്യാപനം- തുക ചിലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.413/2026/LSGD തീയതി,തിരുവനന്തപുരം, 17-02-2026

---

പരാമർശം:- ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.02.2026 ലെ എൽ എം/43/2020-എൽ എം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ലൈഫ് മിഷൻ മുഖേന നിർമ്മാണം പൂർത്തീകരിച്ച 5 ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം ബഹു മുഖ്യമന്ത്രി 24/2/2026 ന് നിർവഹിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ, പരിപാടി വിജയകരമായി സംഘടിപ്പിക്കുന്ന തിന് ആവശ്യമായി വരുന്ന 28 ലക്ഷം രൂപ (ഇരുപത്തി എട്ടു ലക്ഷം രൂപ മാത്രം) ലൈഫ് മിഷന്റെ ഭരണപരമായ ചെലവുകൾക്കുൾപ്പെടെ തുക വകയിരുത്തിയിട്ടുള്ള 4515-00-102-49 (പി) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതിക്കായി ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെ പരാമർശ കത്ത് പ്രകാരം നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ മുഖേന നിർമ്മാണം പൂർത്തീകരിച്ച 5 ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം നടത്തുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ ക്കായി 28 ലക്ഷം രൂപ (ഇരുപത്തിയെട്ടു ലക്ഷം രൂപ മാത്രം), ലൈഫ് മിഷന്റെ ഭരണപരമായ ചെലവുകൾക്കുൾപ്പെടെ തുക വകയിരുത്തിയിട്ടുള്ള 4515-00-102-49 (പി) എന്ന ശീർഷകത്തിൽ നിന്ന് ലൈഫ് മിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ PSTSB അക്കൗണ്ടിൽ (799012700001688) ട്രാൻസ്ഫർ ചെയ്ത തുകയിൽ നിന്നും ചെലവഴിക്കുന്നതിനു ലൈഫ് മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 17-02-2026 16:41:22

സെക്ഷൻ ഓഫീസർ